**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 565** **11-07-2024 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികളുടെ വിവരശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് തൊഴിലിനും ഭിക്ഷാടനത്തിനുമായി എത്തുന്നവരിൽ ധാരാളം കുറ്റവാളികളും ഉൾപ്പെടുന്നത് കേരളീയ ജീവിതത്തിന്റെ ഒഴുക്കും ശാന്തതയും നഷ്ടപ്പെടുത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ജോലിയ്ക്കായി എത്തുന്ന അതിഥി തൊഴിലാളികളെ നിരീക്ഷിക്കുന്നതിനും അവരുടെ പൂർണ വിവരശേഖരണം നടത്തി സൂക്ഷിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങളിലെ അപര്യാപ്തതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ നിയമം (തൊഴിൽ നിയന്ത്രണവും സേവനവ്യവസ്ഥയും) 1979 നിലവിലുണ്ട്. അഞ്ചോ അതിലധികമോ കുടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്നതോ അല്ലെങ്കിൽ കഴിഞ്ഞ പന്ത്രണ്ട് മാസങ്ങളിൽ ഏതെങ്കിലും ദിവസത്തിൽ ജോലി ചെയ്തിരുന്നതോ ആയ എല്ലാ സ്ഥാപനങ്ങൾക്കും അഞ്ചോ അതിലധികമോ ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്ന അല്ലെങ്കിൽ ജോലി ചെയ്യിക്കുന്ന എല്ലാ കരാറുകാർക്കും ഈ നിയമം ബാധകമാണ്. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ നിയമിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനം രജിസ്ട്രേഷൻ ചെയ്യേണ്ടതുണ്ട്. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ നിയമിക്കാനോ നിർദ്ദേശിക്കുന്ന ഓരോ കരാറുകാരനും സർക്കാർ നിയമിച്ച തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് ലൈസൻസ് നേടേണ്ടതുണ്ട്. കേരളത്തിലേയ്ക്ക് തൊഴിലിനായി വരുന്ന എല്ലാ ഇതര സംസ്ഥാന തൊഴിലാളികളും ഏജന്റുമാർ/കോൺട്രാക്ടർമാർ മുഖേന വരുന്നവർ അല്ല. ജോലി തേടി ടി തൊഴിലാളികൾ സ്വമേധയാ പല സ്ഥലങ്ങളിലും പോകുന്നുണ്ട്. ഇങ്ങനെയുള്ള തൊഴിലാളികളുടെ രജിസ്ട്രേഷൻ പ്രാവർത്തികമാക്കുവാൻ ബുദ്ധിമുട്ട് |

| | | | |
|---|---|---|---|
| | | | നേരിടുന്നുണ്ട്. ആവാസ് പദ്ധതി പ്രകാരം ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നല്കിയിരുന്നു, ആയതിനു ശേഷം സംസ്ഥാനത്തേക്ക് വരുന്ന എല്ലാ അതിഥി തൊഴിലാളികൾക്കും രജിസ്ട്രേഷൻ നല്കുക എന്ന ഉദ്ദേശത്തോടെ അതിഥി പോർട്ടൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്തേക്ക് കുടിയേറുന്നതിനു മുൻപു തന്നെ ടി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാകുവാനും സഹായിക്കുന്നു.<br><br>രജിസ്റ്റർ ചെയ്യാത്ത അല്ലെങ്കിൽ രേഖകളില്ലാത്ത ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ചുള്ള ഡാറ്റ ശേഖരിക്കാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് സ്ഥിരമായ താമസ സ്ഥലങ്ങൾ ഇല്ലാത്തതിനാൽ ഫലപ്രദമായ നിരീക്ഷണം നടത്താൻ പ്രയാസം നേരിടുന്നു. |
| (സി) | അതിഥി തൊഴിലാളികളുടെ വിവരശേഖരണത്തിനായി രൂപീകരിച്ച മൈഗ്രന്റ് ലേബർ രജിസ്റ്ററിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (സി) | അതിഥി തൊഴിലാളികളുടെ വിവരശേഖരണത്തിനായി മൈഗ്രന്റ് ലേബർ രജിസ്റ്റർ തൊഴിൽ വകുപ്പ് രൂപീകരിച്ചിട്ടില്ല. സംസ്ഥാനത്തു നിലവിലെ കണക്കനുസരിച്ച് ഏകദേശം 4,26,519 ഓളം ഇതര സംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്തിന്റെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ ഇതര സംസ്ഥാനത്ത് നിന്നും എത്തുന്ന വ്യക്തികളുടെ ക്രിമിനൽ പശ്ചാത്തലം ശേഖരിക്കുന്നതിനും അതിന് ആവശ്യമായ മുന്നൊരുക്കം നടത്തുന്നതിനും എന്തെല്ലാം കർമപദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? ? | (ഡി) | ഇതര സംസ്ഥാന തൊഴിലാളികളുടെ ക്രിമിനൽ പ്രൊഫൈലുകളെ അവരുടെ ജന്മ നാട്ടിലെ പോലീസിന്റെ ഡാറ്റാ ബേസുകളുമായി ക്രോസ്-മാച്ച് ചെയ്യുന്നത് ക്രിമിനൽ പശ്ചാത്തലമുള്ള വ്യക്തികളെ തിരിച്ചറിയുന്നതിനും നിയമ വഴികളിൽ നിന്ന് രക്ഷപ്പെടാൻ കുടിയേറ്റത്തെ ഉപയോഗിക്കുന്നതിനെ തടയുന്നതിനും സഹായകമാണ്. എല്ലാ ഇതര സംസ്ഥാന തൊഴിലാളികളുടെ വ്യക്തിഗത തിരിച്ചറിയൽ, ബയോമെട്രിക് ഡാറ്റ, തൊഴിൽ വിവരങ്ങൾ എന്നിവ ഉൾപ്പെടുന്ന സമഗ്ര വിശദാംശങ്ങളോടെയുള്ള രജിസ്ട്രേഷൻ നിയമ നിർമ്മാണം വഴി ഉറപ്പാക്കേണ്ടതുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ഈ ഡാറ്റയാണ് പ്രൊഫൈലുകളുമായും അവരവരുടെ മാതൃ സംസ്ഥാനങ്ങളിലെ കുറ്റ രേഖകളുമായും ബയോമെട്രിക് ഡാറ്റ ഉൾപ്പെടെ സ്ഥിരമായി ക്രോസ്-മാച്ച് ചെയ്യുക. വിവിധ സംസ്ഥാന പോലീസ് വകുപ്പുകളിലെയും ബന്ധപ്പെട്ട ദേശീയ ഡാറ്റാബേസുകളിലെയും (ഉദാ: ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് & സിസ്റ്റം- CCTNS) ഡാറ്റകൾ ഏകീകരിക്കുന്ന ഒരു കേന്ദ്ര |

| | | | |
|---|---|---|---|
| | | | ഡാറ്റാബേസ് വികസിപ്പിക്കുക വഴി ക്രിമിനൽ പശ്ചാത്തലമുള്ള വ്യക്തികളെ വേഗത്തിൽ തിരിച്ചറിയുന്നതിന് സഹായകമാകും. നിയമപാലകരും, കുടിയേറ്റ തൊഴിലാളികളും, പ്രദേശവാസികളും തമ്മിലുള്ള മികച്ച ആശയ വിനിമയം വളർത്തിയെടുക്കുന്നത് സംശയാസ്പദമായ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യാൻ സഹായിക്കുന്നു. കൂടാതെ നിയമപാലകരും കുടിയേറ്റ തൊഴിലാളികളും തമ്മിൽ വിശ്വാസം ഉറപ്പിക്കുന്ന കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇത് കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാനും അവശ്യ ഘട്ടങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികൾക്ക് പോലീസിന്റെ സഹായം തേടാനും അവരെ കൂടുതൽ പ്രേരിപ്പിക്കും. |

സെക്ഷൻ ഓഫീസർ